ആർ6-63841/17/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. **25.08.2017.**

## സർക്കുലർ

19070

വിഷയം:- പൊതു വിദ്യാഭ്യാസം- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് - പാലിക്കേണ്ട വ്യവസ്ഥകൾ - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- 25.03.2015-ലെ ഈ ആഫീസിലെ സർക്കുലർ നമ്പർ ആർ6/25390/15.

*****

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകളെപ്പറ്റി സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലറിലെ 4-ാമത്തെ ഖണ്ഡിക അപേക്ഷകന്റെ ജീവിതപങ്കാളി ഒഴികെയുള്ള ആശ്രിതരെ മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ്. 10.11.1987-ലെ ജി.ഒ.(പി) നമ്പർ 219/87എച്ച്&എഫ്ഡബ്ല്യൂ പ്രകാരം ജീവിതപങ്കാളി പെൻഷണർ ആയാലും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് അർഹതയുണ്ട്.

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷകന് പലിശ രഹിത അഡ്വാൻസ് സർക്കാർ അനുവദിച്ചിട്ടുണ്ടോ എന്നുള്ള വിവരവും, നിലവിലെ കണക്കു ശീർഷകവും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. ഇതുമൂലം ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്യുന്നതിൽ വരുന്ന അനാവശ്യ കാലതാമസം ഒഴിവാക്കാവുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് - എല്ലാവിദ്യാഭ്യാസ ഡയറക്ടർമാർക്കും
വിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട്

എം.കെ.25.08